# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2622 19.7.2011-ൽ മറുപടിക്ക്

### റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തിര സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.എ.അഹമ്മദ് കബീർ: | ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തിര സഹായം നൽകാനും പ്രഥമ ശുശ്രൂഷ നൽകാനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ; | (എ) റോഡപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തിര സഹായം നൽകാനും, പ്രഥമ ശുശ്രൂഷ നൽകാനും, ജില്ലയിൽ ജനത്തിരക്കേറിയതും വാഹന സാന്ദ്രത കൂടിയതുമായ റോഡുകളിലും ഹൈവേകളിലും ഫ്ളൈയിംഗ് സ്ക്വാഡിന്റെയും ഹൈവേ പട്രോളിന്റെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. സ്ഥലത്തെത്തി അപകടത്തിൽപ്പെട്ടവരെ പ്രഥമ ശുശ്രൂഷ നൽകി അടിയന്തിരമായി ആശുപത്രിയിൽ എത്തിക്കുന്നതിന് എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും ഹൈവേ പോലീസിനും പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. കൂടാതെ '108' ആംബുലൻസിന്റെ സേവനം ലഭ്യമാക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന പോലീസ് ഹെൽപ്പ് ലൈൻ സംവിധാനം സംസ്ഥാന തലത്തിൽ സജ്ജമാക്കിയിട്ടുണ്ട്. അപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തിര സഹായം നൽകുവാനും ആശുപത്രികളിൽ എത്തിക്കുവാൻ സഹായിക്കുന്നവരുമായ സുമനസ്സുകൾക്ക് ആക്സിഡന്റ് റിലീഫ് സ്കീം പ്രകാരം 200/- രൂപ [illegible] പാരിതോഷികം നൽകിവരുന്നു. ആക്സിഡന്റ് പ്രോൺ ഏര്യായിൽ റോഡ് സേഫ്റ്റി |

| | | | |
|---|---|---|---|
| | | | ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു. |
| (ബി) | പ്രധാന റോഡ് ജംഗ്ഷനുകളി ലെല്ലാം ചുമട്ട് തൊഴിലാളി കേന്ദ്രങ്ങളുള്ള സാഹചര്യത്തിൽ ഈക്കാര്യത്തിൽ അവരുടെ സഹാ യം ഫലപ്രദമായി ഉപയോഗ പ്പെടുത്തുന്നതിന്റെ ഭാഗമായി അവർക്ക് 'ഫസ്റ്റ് എയിഡിൽ' പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; | (ബി) | റോഡ് അപകടങ്ങളിൽപ്പെടുന്നവരെ സഹായിക്കുന്നതിനായി പ്രധാന ജംഗ്ഷ നുകളിലെ സാമൂഹിക പ്രവർത്തകർ, ഓട്ടോ-ടാക്സി തൊഴിലാളികൾ, ചുമട്ടു തൊഴിലാളികൾ, വ്യാപാരി വ്യവസായികൾ എന്നിവരുടെ സഹായം ഫലപ്രദമായി ഉപയോഗിച്ചുവരുന്നു. ഇവർക്ക് ഫസ്റ്റ് എയിഡിൽ പരിശീലനം നൽകുന്നത് ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | '108' ആംബുലൻസ് സർവ്വീസ് വ്യാപകമാക്കുകയും ഒപ്പം മൊബൈൽ മെഡിക്കൽ യൂണി റ്റുകളെ അപകട രക്ഷാപ്രവർ ത്തനത്തിന് സജ്ജമാക്കുവാനും ആരോഗ്യവകുപ്പിന് നിർദ്ദേശം നൽകുമോ ? | (സി) | ആരോഗ്യവകുപ്പുമായി കൂടിയാലോചിച്ച ശേഷം ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ